# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം ശ്രീ. വി. എൻ. ജിതേന്ദ്രൻ ഐ.എ.എസ്)

തിരുവനന്തപുരം,

ഉത്തരവ് നമ്പർ.E4-27109/13 തീയതി:18-01-2014

---

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - ഓർഫനേജ് കൺട്രോൾബോർഡ് - ക്ലാർക്ക് തസ്തികകളിൽ - ഡെപ്യൂട്ടേഷൻ - നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. കാളികാവ് ശിശുവികസന പദ്ധതി ഓഫീസറുടെ 08-07-13ലെ എ 95/13 നം. കത്ത്.

2. നിലമ്പൂർ അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസറുടെ NBR (A)-95/13 നം. കത്ത്.

3. സ.ഉ.(സാധാ)നം. 25/14/സാ.നീ.വ തീയതി: 8.1.2014.

കാളികാവ് ഐ.സി.ഡി.എസിലെ ക്ലാർക്ക് ശ്രീമതി. മിനു.പി, നിലമ്പൂർ അഡീഷണൽ ഐ.സി.ഡി.എസിലെ ക്ലാർക്ക് ശ്രീ. വിനോദ്കുമാർ. ഐ. എന്നിവർ ഓർഫനേജ് കൺട്രോൾ ബോർഡ് ആസ്ഥാന ഓഫീസിലേയക്ക് ക്ലാർക്ക് തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിനായ് മേൽ പരാമർശ പ്രകാരം കാര്യാലയ മേധാവികൾ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിൻ പ്രകാരം ശ്രീമതി.പി.മിനു, ശ്രീ.വിനോദ്കുമാർ.ഐ എന്നിവരെ ഓർഫനേജ് കൺട്രോൾബോർഡ് ആസ്ഥാന ഓഫീസിലെ ക്ലാർക്ക് തസ്തികകളിൽ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ മേൽ 3ൽ പരാമർശിച്ച ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ഡെപ്യൂട്ടേഷനിൽ നിയമിച്ച് ഉത്തരവാകുന്നു.

ശ്രീമതി.പി.മിനു, ശ്രീ.വിനോദ്കുമാർ.ഐ എന്നിവരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ അവർ ഇപ്പോൾ ജോലിനോക്കുന്ന കാര്യാലയങ്ങളിൽ നിന്നും വിടുതൽ ചെയ്യേണ്ടതും ടി ജീവനക്കാർ യഥാസമയം ഓർഫനേജ് കൺട്രോൾ ബോർഡ്, സെക്രട്ടറി മുൻപാകെ ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ജീവനക്കാരുടെ വിടുതൽ/പ്രവേശനം ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. പരാമർശം 3 സർക്കാർ ഉത്തരവ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഒപ്പ്

സാമൂഹ്യനീതി ഡയറക്ടർ

1. ശ്രീമതി. മിനു.പി, എൽ.ഡി.ക്ലാർക്ക്.
2. ശ്രീ. വിനോദ്കുമാർ. ഐ, എൽ.ഡി.ക്ലാർക്ക്

(കാര്യാലയ മേധാവി മുഖേന)

പകർപ്പ്.

(1) ശിശുവികസന പദ്ധതി ഓഫീസർ, കാളികാവ്, നിലമ്പൂർ അഡീഷണൽ.

(2) മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്.

(3) ജില്ലാ സാമൂഹ്യനീതി ഓഫീസർ, മലപ്പുറം.

(4) സെക്ഷൻ/സ്പെയർ/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

JBS/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ഓർഫനേജ് കൺട്രോൾ ബോർഡ് - ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ നിയമനം അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

=====================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ.) നം.25/14/സാനീവ  തിരുവനന്തപുരം, തീയതി 08.01.2014

=====================================================================

പരാമർശം : 1. സ.ഉ.(എം.എസ്.) നം.20/2010/സാക്ഷേവ തീയതി 08.03.2010
2. 22.10.2013 ലെ 9564/സി1/2012/സാനീവ സർക്കാർ കത്ത്
3. ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 30.09.2013, 03.12.2013 എന്നീ തീയതികളിലെ OCB1/17306/12 നമ്പർ കത്തുകൾ
4. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 29.08.2013 ലെ ഇ 4-27109/13 നമ്പർ കത്ത്

ഉത്തരവ്

സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള അനാഥാലയങ്ങളുടെയും ധർമ്മ സ്ഥാപനങ്ങളുടേയും മേൽ നോട്ടത്തിനും നിയന്ത്രണത്തിനുമായി പ്രവർത്തിക്കുന്ന ഓർഫനേജ് കൺട്രോൾ ബോർഡ് ആസ്ഥാന ഓഫീസിലേക്ക് രണ്ട് ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ ആവശ്യമുണ്ടെന്നും ആയതിനാൽ സാമൂഹ്യനീതി ഡയറക്ടർ ശുപാർശ ചെയ്ത, കാളികാവ് ഐ.സി.ഡി.എസ്. - ലെ എൽ.ഡി. ക്ലാർക്കായ ശ്രീമതി പി. മിനുവിനെയും നിലമ്പൂർ അഡീഷണൽ ഐ.സി.ഡി.എസ്. - ലെ എൽ.ഡി. ക്ലാർക്കായ ശ്രീ. വിനോദ് കുമാറിനെയും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി പരാമർശം 3 - ലെ കത്തു പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടു.

സർക്കാർ ഇക്കാര്യം പരാമർശം 4 പ്രകാരമുള്ള സാമൂഹ്യനീതി വകുപ്പു ഡയറക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം കാളികാവ് ഐ.സി.ഡി.എസ്. - ലെ ക്ലാർക്ക് ശ്രീമതി പി. മിനുവിനെയും നിലമ്പൂർ ഐ.സി.ഡി.എസ്. - ലെ എൽ.ഡി. ക്ലാർക്കായ ശ്രീ. ഐ. വിനോദ് കുമാറിനെയും തിരുവനന്തപുരത്തെ ഓർഫനേജ് കൺട്രോൾ ബോർഡ് ആസ്ഥാന ഓഫീസിലെ എൽ.ഡി. ക്ലാർക്ക് തസ്തികകളിൽ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം നിയമിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ഗോവിന്ദൻ നമ്പൂതിരി വി.എസ്.

അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്,വികാസ് ഭവൻ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ & ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം

കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ